# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

ജനന സർട്ടിഫിക്കറ്റ്

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *588 28.10.16- ൽ മറുപടി പറയേണ്ടത്

| | ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള<br>,, സി.മമ്മൂട്ടി<br>,, എൻ .എ.നെല്ലിക്കുന്ന്<br>,, പി.കെ.ബഷീർ | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ആശുപത്രികളിലും വീട്ടിലും നടക്കുന്ന ജനനങ്ങൾക്ക് ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്ന കാര്യത്തിലും സർട്ടിഫിക്കറ്റുകളിൽ കടന്നു കൂടുന്ന നിസ്സാര പിശകുകൾ തിരുത്തിക്കിട്ടുന്ന കാര്യത്തിലും സാധാരണക്കാർ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇതു സംബന്ധിച്ച് സർക്കാർ തലത്തിൽ നിരവധി സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടും, രജിസ്ട്രേഷൻ ഉദ്യോഗസ്ഥരുടെ നിഷേധാത്മക നിലപാടുകൾ മൂലം പൊതു ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ജില്ലാതലത്തിൽ | (ബി) | സംസ്ഥാനത്തെ എല്ലാ തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റുകളിലേയും 1970-ന് ശേഷമുള്ള ജനന-മരണ രജിസ്ട്രേഷൻ ജോലികൾ കമ്പ്യൂട്ടർവൽകരണം പൂർത്തിയാക്കി സർട്ടിഫിക്കറ്റുകൾ www.cr.lsgkerala.gov.in എന്ന വെബ് സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് യഥേഷ്ടം ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ആശുപത്രിയിൽ വെച്ച് നടക്കുന്ന ജനനങ്ങൾക്കുള്ള സാക്ഷ്യപത്രങ്ങൾ, മാതാവും കുഞ്ഞും ആശുപത്രി വിടുന്ന ദിവസം ആശുപത്രി സ്ഥിതി ചെയ്യുന്ന തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റുകളിൽ നടപടികൾ പൂർത്തിയാക്കി, ആശുപത്രി മുഖേന വിതരണം |

| | | | |
|---|---|---|---|
| | അദാലത്തു നടത്തുന്ന കാര്യം പരിശോധിക്കുമോ? | | ചെയ്തു വരുന്ന സംവിധാനം ഏർ പ്പെടുത്തിയിട്ടുണ്ട്. വീട്ടിൽ വെച്ചുള്ള ജനനങ്ങൾ 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടിലെ ഉപവകുപ്പ് (1) (എ) പ്രകാരം തൽസമയത്ത് വീട്ടിൽ ഉണ്ടായിരുന്ന മുതിർന്ന വ്യക്തി സംഭവം നടന്ന വീട് സ്ഥിതി ചെയ്യുന്ന തദ്ദേശസ്ഥാപനത്തിൽ വിവരം അറിയിക്കേണ്ടതും സംഗതിയുടെ നിജസ്ഥിതി ബോദ്ധ്യപ്പെടുന്നതിലേക്കായി രജിസ്ട്രാർക്ക് ഒരന്വേഷണം നടത്തി ജനന രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ച് ജനന സർട്ടിഫിക്കറ്റ് അനുവദിക്കാവുന്നതുമാണ്.<br>ജനന-മരണ രജിസ്ട്രേഷൻ കുറ്റമറ്റ രീതിയിലും കാര്യക്ഷമമായും സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നു വരികയാണ്. രജിസ്ട്രേഷനുകളിലെ വസ്തുതാപരമായ തെറ്റുകൾ തിരുത്തൽ വരുത്തുന്നതിന് പ്രസ്തുത ചട്ടത്തിലെ വകുപ്പ് 15 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്, അതിനായി അപേക്ഷിക്കുന്നവർ തിരുത്തേണ്ട വസ്തുത സംബന്ധിച്ച് ബോധ്യമുള്ള രണ്ട് വിശ്വസനീയരായ വ്യക്തികളുടെ സത്യപ്രസ്താവന ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ അതു തെളിയിക്കുന്ന രേഖകൾ സഹിതം അപേക്ഷിച്ചാൽ സമയബന്ധിതമായി ഇത്തരം പിശകുകൾ തിരുത്തി നൽകാവുന്നതാണ്.<br>സംസ്ഥാനത്ത് നിലവിൽ മേൽവിഷയം സംബന്ധിച്ച് സങ്കീർണ്ണമായ പ്രശ്നങ്ങൾ ഒന്നും ശ്രദ്ധയിൽ പ്പെടാത്ത സാഹചര്യത്തിൽ ഇത് സംബന്ധിച്ച് ഒരു അദാലത്ത് നടത്തേണ്ടതിന്റെ ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ